**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 448**
**29.01.2019-ന് മറുപടി നൽകേണ്ടത്**

**കിറ്റ്കോയുടെ ഓഹരിവിൽക്കാനുള്ള തീരുമാനം**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | ഡോ. റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| എ. | നിരവധി വൻകിട നിർമ്മാണപദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതു മുതൽ നിർമ്മാണ പ്രക്രിയകൾ വരെയുള്ള പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയിൽ സംസ്ഥാന സർക്കാരിന് എത്ര ശതമാനമാണ് ഓഹരി പങ്കാളിത്തമുള്ളതെന്ന് അറിയിക്കുമോ; | നിരവധി വൻകിട നിർമ്മാണപദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതു മുതൽ നിർമ്മാണ പ്രക്രിയകൾ വരെയുള്ള പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയിൽ സംസ്ഥാന സർക്കാരിന് 2.996% ഓഹരി പങ്കാളിത്തമാണുള്ളത്. |
| ബി. | കിറ്റ്കോയുടെ ഓഹരികൾ വില്പന നടത്താൻ കേന്ദ്ര തീരുമാനമുണ്ടായിട്ടുള്ളതിനാൽ സംസ്ഥാന സർക്കാരിന്റെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | ഇപ്പോൾ പരിഗണനയിലില്ല. |
| സി. | കേന്ദ്ര സർക്കാരിന്റെ ഓഹരി വില്പനയിൽ പങ്കെടുക്കുന്ന സ്വകാര്യ കമ്പനികൾ ലാഭത്തിൽ പ്രവർത്തിക്കുന്ന കിറ്റ്കോയുടെ ഓഹരികൾ ഉയർന്ന തുക ക്വോട്ട് ചെയ്ത് കൈവശപ്പെടുത്തിയാൽ സംസ്ഥാന സർക്കാർ കിഫ്ബി മുഖേനയും അല്ലാതെയും കിറ്റ്കോയെ നിർവഹണ ഏജൻസിയായി നിശ്ചയിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർവഹണത്തിൽ എന്തെങ്കിലും തടസ്സമുണ്ടാകുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | ഏറ്റെടുത്ത ജോലികൾ കരാർ അനുസരിച്ച് പൂർത്തീകരിക്കുന്നതാണെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**